# യിസ്ഹാക്ക് (ചിരി)

**പാഠഭാഗം:** ഉൽപ. 17:17-22; 18:9-15; 21:1-7; 22:1-24; 25:19-34; 28:1-5; 35:27,28; 49:31.

**മനഃപാഠം:** 1 പത്രൊ. 2:24

“നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു.”

**താക്കോൽ വാക്യം:** “യേശുക്രിസ്തു മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിരുന്നു” (ഫിലി. 2:8).

**ലക്ഷ്യം:** നാം ദൈവഹിതം അറിഞ്ഞ് അനുസരിക്കുന്നവരായിത്തീരണം. യിസ്ഹാക്കിന്റെ ജീവചരിത്രത്തിലൂടെ യിസ്ഹാക്ക് യേശുവിനു നിഴലായിരുന്നു എന്നു ഗ്രഹിക്കുക. ക്രിസ്തുയേശു മാത്രമാണ് നമുക്കു മാതൃകയാകേണ്ടത്.

ഭൂസ്വർഗാദികളുടെ സൃഷ്ടിപ്പ്, മനുഷ്യോത്ഭവം എന്നിവ പ്രതിപാദിച്ചനന്തരം, ദൈവവഴികൾ വിട്ട് അധർമത്തിലാണ്ട ജനത്തെ നോഹയിലൂടെയുള്ള മുന്നറിയിപ്പിനുശേഷം ജലപ്രളയത്താൽ ശിക്ഷിക്കുന്നു. ശിക്ഷയെ അതിജീവിച്ച നോഹയും കുടുംബവും പിൽക്കാല സമൂഹത്തിന്റെ പിൻതുടർച്ചയ്ക്കു കാരണമായി. എന്നാൽ, ജനം പലവിധ മാലിന്യത്താലും പാപത്തിലും വിഗ്രഹാരാധനയിലും മുഴുകിയിരുന്നു. വേദപുസ്തകം, തുടർന്ന് ദൈവിക തിരഞ്ഞെടുപ്പിന്റെ ഭാഗമായി ഒരു പ്രത്യേകവംശത്തിന്റെ ചരിത്രത്തിലേക്കു തിരിയുന്നു. അബ്രാഹാമിന്റെ ഈ വംശത്തിലാണു മാനവരക്ഷയുടെ വീണ്ടെടുപ്പുകാരനായ മശിഹ ഉത്ഭവിച്ചത്. വിഗ്രഹാരാധകരുടെ തലമുറയിൽ, അബ്രാഹാം എന്ന ഏകദൈവവിശ്വാസിയെ, ദൈവഭക്തനും ദൈവത്തെ മാനിക്കുന്നവനുമായി, കൽദയരുടെ പട്ടണമായ ഊരിൽനിന്നു വിളിച്ച് അവനോടു ദൈവം നിയമംചെയ്തു. ഊരിൽ ദൈവം അവനു പ്രത്യക്ഷമായി, തന്റെ പിതൃഭവനത്തെയും ചാർച്ചക്കാരെയും വിട്ടു പുറപ്പെട്ടുപോകാൻ ആവശ്യപ്പെട്ടു. തന്റെ പിതാവിനോടും സഹോദരന്മാരോടുമൊപ്പം

# Isaac (Laughter)

**Scripture Portions:** (Gen:17: 17-22; 18:9-15; 21:1-7; 22:1-24; 25: 19-34; 28:1-5; 35: 27-28; 49:31)

**Memory Verse**: Pet.2:24
“He himself bore our sins in his body on the tree, that we might die to sin and live to righteousness, by his wounds you have been healed.”

**Key Verse:** Phili. 2: 8
“He humbled himself and become obedient unto death, even death on a cross.”

**Objective:** We must be obedient unto the will of God. Understand the life of Isaac as a shadow of Jesus. Christ Jesus must be our model. After the description of creation of the earth and the heavens and creation of man, we see the people who fell into the sinful ways. God punished them by sending a flood after the preaching of Noah. Noah and his family becomes the part of coming generation after they had been saved from the flood. But again people were engaged in sins, uncleanness and idol worship. Then Bible began to talk of a different people as a part of God’s election. Messiah is borne to the family of Abraham as savior of the mankind. God called Abraham form the house of idol worship in Ur (The city of Chaldeans) and made a covenant with him, and he was a monotheistic, a strong devotee and a

പുറപ്പെട്ട അബ്രാഹാം ഹാരാനിൽ വന്നു. 'ജന തതിയുടെ പിതാവ്' എന്നാണ് അബ്രാഹാം എന്ന വാക്കിനർഥം. ദൈവം അബ്രാഹാമിനെ ആറുപ്രാവശ്യം വിളിക്കുകയും നാലുതവണ നിയമം ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ ജാതിയും അവനിൽ അനുഗ്രഹിക്കപ്പെടാനും, ലോകത്തിന്റെ സന്മാർഗനില ദുഷിച്ചുപോകാതിരിക്കാനും അവന്റെ പേര് വലുതാക്കേണ്ടതിനും, ഏകദൈവവിശ്വാസം ഭൂമിയിൽ സ്ഥാപിക്കപ്പെടേണ്ടതിനും കനാൻ അവകാശമാക്കേണ്ടതിനും, വാഗ്ദത്തസന്തതിയെ ലോകത്തിനു ദാനം ചെയ്യേണ്ടതിനും, വിശുദ്ധ തിരുവെഴുത്തുകളെ എഴുതി സൂക്ഷിക്കേണ്ടതിനും മറ്റുമായി തന്റെ സ്വന്തജനമായിരിക്കാനും ദൈവം അബ്രാഹാമിനെ തിരഞ്ഞെടുത്തു. ഹാരാനിൽ ചില വർഷങ്ങൾ കഴിഞ്ഞ്, പിതാവായ തേരഹിന്റെ മരണശേഷം തന്റെ 75-ാമത്തെ വയസ്സിൽ ദൈവം അവനു വീണ്ടും പ്രത്യക്ഷനാകുകയും മക്കളില്ലാതിരുന്ന തനിക്ക് വാഗ്ദത്തസന്തതിയെ വാഗ്ദാനംചെയ്യുകയും ചെയ്തു. താൻ ഹാരാനിൽനിന്നു യാത്ര തിരിച്ച് കനാനിൽ എത്തി. അവിടെനിന്നു പിന്നെയും യാത്രചെയ്ത് ഗെരാരിൽ പാർത്തുവരുമ്പോൾ തന്റെ നൂറാമത്തെ വയസ്സിലും ഭാര്യ സാറായുടെ 90-ാമത്തെ വയസ്സിലും ഗെരാരിൽവെച്ച് വാഗ്ദത്തപുത്രനായ യിസ്ഹാക്ക് പിറന്നു. സാറാ എന്ന വാക്കിന്റെ അർഥം രാജകുമാരി എന്നാണ് (ഉൽപ. 17:17-19; 18:9-15; 21:1-7).

ഈ വാർധക്യകാലത്തു സന്താനം ലഭിക്കുമെന്നുള്ള വാഗ്ദത്തം ലഭിച്ചപ്പോൾ അവൾ ചിരിച്ചു എങ്കിലും വാഗ്ദത്ത സമയമായപ്പോൾ സാറയ്ക്ക് ഒരു മകൻ ജനിച്ചു. യഹോവ എനിക്ക് ചിരിയുണ്ടാക്കി എന്നു പറഞ്ഞ് (ഉൽപ. 21:6) മകന് ചിരി എന്നർഥമുള്ള 'യിസ്ഹാക്ക്' എന്നു പേരിട്ടു. അബ്രാഹാം ബാലനെ എട്ടാംനാളിൽ പരിച്ഛേദനചെയ്തു.

**യിസ്ഹാക്കിന്റെ അനുസരണം** (ഉൽപ. 22)

അബ്രാഹാമിനോടു ദൈവം പരീക്ഷണാർഥം പറഞ്ഞതനുസരിച്ച് യൗവനപ്രായമായ പുത്രൻ യിസ്ഹാക്കിനെ (ഏകദേശം 33 വയസ്സുകാണും) യാഗമർപ്പിക്കാനായി താൻ മോറിയാമലയിലേക്കു യാത്രയായി. മൂന്നുദിവസത്തെ യാത്രയ്ക്കു ശേഷം ഭൃത്യന്മാരെ താഴെനിർത്തിയിട്ട് ബാലനു

person who adore God. God appeared to him at Ur and asked him to leave his family and relatives. Thus he reached at Haran with his father and brothers. The meaning of Abraham is 'father of many'. God called Abraham six times and repeats the covenant in four times.

God chose Abraham, to bless the whole generation in him, to maintain a quality and moral life in the World, to make his name great, to establish the belief in one God, to possess Canaan, to bring promised son to the World, to write and keep scriptures and to be his own people. God appeared to Abraham at Haran at the age of 75, after the death of Terah. God told him that He will bless Abraham with promised son for Abraham was childless for many years. He departed haran and reached Canaan. From there he travelled again and as he made a living in Gerar at the age of hundred and Sarah ,at ninety, they witnessed the birth of promised son, Isaac. The meaning of 'Sarah' is 'The Queen'. (Gen. 17: 17-19; 18:9-15; 21:1-7)

Sarah laughed at the promise of getting a son for her in the old age. But at the right time she is blessed with promised son. She named her Isaac by saying that God made her laughing. The meaning of Isaac is 'Laughter'. Abraham circumcised the son on the eight day.

**Obedience of Isaac**

God tested Abraham and he has taken his son Isaac (around 33 years of old) to the mount Moriah, to offer his son as a

മായി, തന്നെ ദഹിപ്പിക്കുന്നതിനാവശ്യമായ വിറകും ബാലന്റെ ചുമലിൽ വഹിച്ച്, മലയിൽ കയറി യാഗപീഠം പണിതശേഷം ബലിയർപ്പിക്കാനായി ബലിപീഠത്തിൽ അവനെ കിടത്തി. പിതാവിന്റെ ഇഷ്ടത്തിനു മടികൂടാതെ യിസ്ഹാക്ക് കീഴ്പ്പെട്ടു. എന്നാൽ, ബാലനെ യാഗംകഴിക്കുന്നതിനു അബ്രാഹാം തയ്യാറായതിനാൽ ദൈവികപരീക്ഷയിൽ താൻ വിജയിച്ചു. യിസ്ഹാക്കിനു പകരമായി ഒരു ആട്ടിൻകുട്ടിയെ ദൈവം അവിടെ കരുതിയിരുന്നു. യിസ്ഹാക്കിന്റെ സ്ഥാനത്ത് അതിനെ യാഗം കഴിച്ചു.

**യിസ്ഹാക്കിന്റെ വിവാഹം, കുടുംബജീവിതം**

(ഉൽപ. 24,25:19-34)

യിസ്ഹാക്കിനു 36 വയസ്സായപ്പോൾ മാതാവായ സാറാ 127 -ാം വയസ്സിൽ മരിച്ചു. യിസ്ഹാക്കിന്റെ 40-ാം വയസ്സിൽ (ഉൽപ. 25:20) റിബേക്കയെ വിവാഹംകഴിച്ചു. യിസ്ഹാക്ക് തനിയെ തിരഞ്ഞെടുക്കാതെ, അവന് വധുവിനെ കണ്ടെത്താനായി അബ്രാഹാമിന്റെ ആഗ്രഹപ്രകാരം ദാസൻ എലെയാസർ അബ്രാഹാമിന്റെ സ്വജനത്തിൽ ചെന്ന് റിബേക്കയെ തിരഞ്ഞെടുത്ത്, യിസ്ഹാക്കിനു ഭാര്യയായി കൊടുത്തു. റിബേക്ക എന്ന പേരിന്റെ അർഥം 'കുടുക്ക്' എന്നാണ്. 20 വർഷത്തോളം അവർക്കു മക്കളില്ലായിരുന്നു. ദൈവത്തോടു പ്രാർഥിച്ചു, ദൈവം ഒരു പ്രസവത്തിൽ അവർക്കു രണ്ടുമക്കളെ കൊടുത്തു. മക്കളിൽ മൂത്തവനായ ഏശാവിനോടു പിതാവിനും, ഇളയവനായ യാക്കോബിനോട് മാതാവിനും കൂടുതൽ പ്രിയം ഉണ്ടായിരുന്നു. (ഏശാവ് - ചുവന്നവൻ; യാക്കോബ് - ഉപായി). ഉപായിയായ യാക്കോബ് താനുണ്ടാക്കിയ ചുവന്ന പായസത്തിനു പകരമായി, ക്ഷീണിച്ചുവന്ന ഏശാവിന്റെ ജ്യേഷ്ഠാവകാശം കൈവശപ്പെടുത്തി. ഏശാവു വേട്ടയിൽ നൈപുണ്യമുള്ളവനായിരുന്നു, യാക്കോബ് ഗൃഹകാര്യത്തിലും.

**യിസ്ഹാക്കിന്റെ ജീവിതസാഹായ്നം**

(ഉൽപ. 28:1-5; 35:27-29; 49:31)

ഏകദേശം നൂറ്റിമുപ്പതു വയസ്സുള്ള യിസ്ഹാക്ക് വൃദ്ധനായി, കാഴ്ച മങ്ങിയവനായിത്തീർന്നു. ഒരിക്കൽ അവൻ ഇഷ്ടപുത്രനായ ഏശാവിനെ അനുഗ്രഹിക്കുന്നതിനു തയ്യാറായി, വേട്ടയിറച്ചി കഴിക്കാനുള്ള ആഗ്രഹം അറിയിച്ചു. വിവരമറിഞ്ഞ റിബേക്ക, ഏശാവ്

sacrifice. After three days of travel, Abraham made the servants stay at valley; he reached the mountain with all things needed to offer Isaac as a burnt offering. He built an altar and made Isaac lay on the altar. Isaac was obedient to his father, Abraham was ready to offer Isaac as a sacrifice and he succeeded in the test given by God. God cares Isaac and a ram is offered instead of Him and Abraham sacrificed it.

### Isaac's Marriage and family Life

Isaac's mother Sarah died at the age of 127 and he was 36 then. Isaac married Rebecca at the age of 40 (Gen. 25:20). Isaac did not choose Rebecca with his will: rather Abraham sends Eliazer, his servant to find a suitable girl for Isaac from his own people. The meaning of Rebecca is 'tie'. They did not have children for 20 years. As the answer of their prayer, they were blessed with twins. The elder son Esau was lovable to father and the younger one to mother. (Esau – Red and Jacob – Cunning ) Jacob gave his red porridge to Esau who came tired and Esau despised his birth right. Esau was adept in hunting and Jacob for household duties.

### Last Days of Isaac

When Isaac was 130 years of old and his eyes were dim, and was ready to bless Esau, his s loving son. He asked Esau to get him savory for he is old. As Rebecca, got the wind of the matter, she sends Esau

വേട്ടയിറച്ചിക്കുവേണ്ടി പോയപ്പോൾ, ഒരു ആടിനെ കൊന്ന് കറിവെച്ച് ഏശാവിന്റെ വസ്ത്രവും ധരിപ്പിച്ച് ഇളയവനായ യാക്കോബിനെ അനുഗ്രഹത്തിനായി അപ്പന്റെ അടുക്കലേക്ക് അയച്ചു. അങ്ങനെ ഇളയവനായ യാക്കോബ് അനുഗ്രഹം മുഴുവൻ ഉപായത്താൽ വാങ്ങിച്ചു. ഏശാവ് മടങ്ങിവന്നു, വിവരമറിഞ്ഞ് കുപിതനായി. ഉടനെ റിബേക്ക യാക്കോബിനെ പിതാവിന്റെ അനുവാദത്തോടുകൂടി മെസപ്പൊത്തൊമ്യയിൽ, തന്റെ പിതൃഭവനത്തിലേക്കു പറഞ്ഞയച്ചു. ഏതാനും വർഷങ്ങൾക്കുശേഷം പിതാവ് വീണ്ടും യാക്കോബിനെ കണ്ടു. അനന്തരം യിസ്ഹാക്ക് 180 വയസ്സുള്ളവനായി മരിച്ച് തന്റെ പിതാക്കന്മാരോടു ചേർന്നു. യാക്കോബും ഏശാവുംകൂടി തങ്ങളുടെ പിതാവിനെ മക്പേല ഗുഹയിൽ സംസ്കരിച്ചു.

**യിസ്ഹാക്കിന്റെ ജീവിതത്തിലെ ചില പ്രത്യേകതകൾ**

തന്റെ പിതാവായ അബ്രാഹാം 175 വർഷം ജീവിച്ചു. പുത്രനായ യാക്കോബ് 147 വർഷം ജീവിച്ചു. എന്നാൽ, യിസ്ഹാക്ക് അവരെക്കാൾ കൂടുതൽ വർഷം - 180 വയസ്സുവരെ ജീവിച്ചു. തന്റെ പിതാവും പുത്രനും, അക്കാലത്തെ രീതിയനുസരിച്ച് ബഹുഭാര്യരായിരുന്നപ്പോൾ, താൻ ഏകഭാര്യയുള്ളവനായിരുന്നു. പിതാവും പുത്രനും വളരെയേറെ സഞ്ചരിച്ചു. യിസ്ഹാക്ക് ജീവിതത്തിൽ പലപ്പോഴും മറ്റുള്ളവരുടെ പാപം നിമിത്തം വളരെയേറെ ദുഃഖം അനുഭവിച്ചിരുന്നു. (യിസ്മായേൽ മുഖാന്തരമുള്ള ദുഃഖം, തന്റെ യാഗം, അമ്മയുടെ മരണം, ഭാര്യ മച്ചിയായിരുന്നു, പിതാവിന്റെ മരണം, ക്ഷാമം, മക്കളുടെ സംഘട്ടനം തുടങ്ങിയവ). തന്റെ സമർപ്പണം, അനുസരണം (ഉൽപ. 22:6,7); പ്രാർഥന (ഉൽപ. 25:21); വിശ്വാസം (എബ്രാ. 11:26); സമാധാനപ്രിയം (ഉൽപ. 29:20-22); സ്നേഹം (ഉൽപ. 24:6,7) ഇവ നമുക്കു മാതൃകയാക്കാം.

**യിസ്ഹാക്ക് ക്രിസ്തുവിനു നിഴൽ**

അബ്രാഹാം പിതാവായ ദൈവത്തിനും യിസ്ഹാക്ക് ക്രിസ്തുവിനും നിഴലായിരുന്നു.

1. യിസ്ഹാക്ക് വാഗ്ദത്ത സന്തതിയായിരുന്നു (ഉൽപ. 15:4).

ക്രിസ്തുവും വാഗ്ദത്തസന്തിയായിരുന്നു (മത്തായി 1:21).

2. യിസ്ഹാക്ക് മരണം പ്രതീക്ഷിക്കുമ്പോഴും

to the field and prepared savory food from own folk. Rebecca took the best garment of Esau and put them on Jacob to be sent near to Isaac. Thus Jacob, the younger son gets blessed by cunning, Esau came back and realized all the things happened, and feel angry at Jacob. Rebecca sends Jacob to his father's house at Mesopotamia. After some years, Isaac again meets Jacob. Issac died at the age of 180 and was gathered to his people. His sons Esau and Jacob buried him at Machpelah.

### Significant Characters of Isaac

Abraham, his father lived for 175 years. Jacob, his son lived for 145 years. But Isaac lived more years than them and he lived for 180 years. Abraham and Jacob lived with more wives. Isaac had only one wife. Abraham and Jacob travelled a lot. Isaac was worried about the sins of others.( pain due to Ismail, his sacrifice, death of mother, barrenness of his wife, famine, fight among sons), his devotion and obedience ( Gen.22: 6,7); prayer (Gen.25:21); faith (Heb.11:26); peaceful (Gen.29:20-22) and love (Gen.24: 6,7). We can follow these qualities.

### Isaac, a shadow of Christ

Abraham was like a shadow of God, the father and Isaac for Christ, the son.

1. Isaac was the promised son.( Gen.15:4) Christ was also the promised son (Mat. 1: 21)

2. Isaac, when expects death, obedient to father. (Gen.22:9) Christ also was

പിതാവിനെ അനുസരിക്കുന്നവനായിരുന്നു (ഉൽപ. 22:9)

ക്രിസ്തുവും മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിരുന്നു (ഫിലി. 2:6–8).

3. യിസ്ഹാക്ക് റിബേക്കയെ സ്വീകരിക്കുന്നതിനു അവളെ എതിരേറ്റുചെന്നു (ഉൽപ. 24:63 –65) .

ക്രിസ്തു സഭയെ സ്വീകരിക്കാൻ മധ്യാകാശത്തിൽ എത്തും (1 തെസ. 4:17,18).

**ഉത്തരം കണ്ടെത്തുക**

1. അർഥമെഴുതുക
യിസ്ഹാക്ക്, റിബേക്ക, യാക്കോബ്, ഏശാവ്

2. യിസ്ഹാക്കിന്റെ ജനനം, ബാല്യം ഇവ തന്നെ എങ്ങനെ വ്യത്യസ്തനാക്കുന്നു?

3. യിസ്ഹാക്ക് എന്ന വ്യക്തി നിങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് എഴുതാമോ?

4. യിസ്ഹാക്കിന്റെ ജീവിതത്തിലെ ചില പ്രത്യേകതകൾ എഴുതുക.

5. യിസ്ഹാക്ക് ക്രിസ്തുവിന് എങ്ങനെ സാദൃശ്യമാണ്?

obedient to God unto the death at cross (Phili. 2: 6-8)

3. Isaac, receives Rebecca after walking in the field to meet her.( Gen.24: 63-65) Christ will appear in the heavens to receive church, the bride. (1 Thess. 4: 17,18)

**Find the answers**

1. Write meanings : Isaac, Rebecca, Esau

2. How is Isaac different in his birth and childhood?

3. How Isaac influences you?

4. Write some features of Isaac's life.

5. How Isaac is similar to Christ?

